*‘CORRUPTION, A CRIME AGAINST NATION’*

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇമെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി: 19.04..2023**

# “കൈക്കൂലി വാങ്ങുന്നതിനിടെ സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസിലെ സൈറ്റ് മാനേജർ വിജിലൻസ് പിടിയിലായി”

ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനായി സർക്കാർ അനുവദിച്ച ധനസഹായം നൽകുന്നതിന് 10,000/-രൂപ (പതിനായിരം രൂപ) കൈക്കൂലി വാങ്ങിയ കണ്ണൂർ സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസിലെ സൈറ്റ് മാനേജർ, സലിമിനെ ഇന്ന് (19.04.2023) വിജിലൻസ് കൈയ്യോടെ പിടികൂടി.

കണ്ണൂർ ജില്ലയിൽ, പയ്യന്നൂർ താലൂക്കിലെ ചെറുപുഴ സ്വദേശിയായ പരാതിക്കാരന്റെ അമ്മയ്ക്ക് വീട് നിർമ്മിക്കുന്നതിനായി സർക്കാർ അനുവദിച്ച 6,00,000/- (ആറു ലക്ഷം) രൂപയുടെ ആദ്യ ഗഡുവായ 90,000/- രൂപ അനുവദിക്കുന്നതിന് കണ്ണൂർ സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസിലെ സൈറ്റ് മാനേജരായ സലിം ഇന്ന് പരാതിക്കാരനോട് 10,000/- രൂപ (പതിനായിരം രൂപ) കൈക്കൂലി ആവശ്യപ്പെട്ടു. പരാതിക്കാരൻ ഈ വിവരം ഉടൻ തന്നെ കണ്ണൂർ വിജിലൻസ് ഡി.വൈ.എസ്.പി, ശ്രീ .ബാബു പെരിങ്ങോത്തിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വിജിലൻസ് സംഘം കെണി ഒരുക്കി ഇന്ന് (19.04.2023) വൈകുന്നേരം നാലുമണിയോടെ കണ്ണൂർ ജവഹർ ലൈബ്രറിക്ക് മുൻവശത്ത് വച്ച് പരാതിക്കാരൻ നിന്നും 10,000/-രൂപ കൈക്കൂലി വാങ്ങവെ സലിമിനെ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണുണ്ടായത്. പിടികൂടിയ പ്രതിയെ തലശ്ശേരി വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ കണ്ണൂർ വിജിലൻസ് ഡിവൈഎസ്.പി ശ്രീ. ബാബു പെരിങ്ങോത്തിനെ പുറമേ ഇൻസ്പെക്ടർമാരായ മനോജ്, സുനിൽകുമാർ സബ് ഇൻസ്പെക്ടർമാരായ കൃഷ്ണൻ, പങ്കജാക്ഷൻ അസിസ്റ്റന്റ്

സബ് ഇൻസ്പെക്ടർമാരായ  രാധാകൃഷ്ണൻ, നികേഷ് എസ്.സി.പി.ഒ മാരായ സുകേഷ്,  ശ്രീജിത്ത് എന്നിവരുൾപ്പെട്ട വിജിലൻസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം,  ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.